# പണാപഹരണം നടത്താൻ ശ്രമിച്ച തൊഴിലാളിക്ക് ശിക്ഷ നിർബ്ബന്ധിത വിരമിക്കൽ

## മദ്രാസ് ഹൈക്കോടതി

W.P. No. 33741/2019 Dt. 5.10.2020

തമിൾനാടു സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ ലിമിറ്റഡ്

x

ആർ. ചന്ദ്രശേഖരൻ

1983 മുതൽ കണ്ടക്ടറായി ജോലി ചെയ്തുവന്ന തൊഴിലാളി 2007–ൽ ചെന്നൈയിൽ നിന്ന് പോണ്ടിച്ചേരിയിലേക്ക് സർവീസ് നടത്തുന്ന ബസ്സിലാണ് ജോലി ചെയ്തിരുന്നത്. ബസ് അനുമന്തൈ ബസ് സ്റ്റോപ്പിലെത്തിയപ്പോൾ പരിശോധക സംഘം ബസ്സിൽ കയറി. പരിശോധനയിൽ രണ്ട് യാത്രക്കാരിൽ നിന്ന് മൊത്തം 220 രൂപ യാത്രക്കൂലിയായി കൈപ്പറ്റിയ കണ്ടക്ടർ അവർക്ക് ടിക്കറ്റ് നല്കിയില്ലെന്ന് കണ്ടുപിടിച്ചു. ഇതു സംബന്ധിച്ച് പരിശോധക സംഘം മേലധികാരിക്ക് റിപ്പോർട്ട് നല്കി. അതിന്റെ അടിസ്ഥാനത്തിൽ അയാൾക്കെതിരെ ഗാർഹികാന്വേഷണം നടത്തിയ മേനേജ്മെന്റ് 2010–ൽ അയാളെ ജോലിയിൽ നിന്ന് പിരിച്ചുവിട്ടു. ഇതു സംബന്ധിച്ച് തൊഴിലാളി ഉന്നയിച്ച വ്യവസായതർക്കം സംസ്ഥാന സർക്കാർ ലേബർ കോടതിയിലേക്ക് റഫർ ചെയ്തു. ഗാർഹികാന്വേഷണം നടത്തിയത് കുറ്റമറ്റ രീതിയിലാണെന്ന് ലേബർ കോടതി വിലയിരുത്തിയെങ്കിലും ശിക്ഷ അമിതമാണെന്ന് കണ്ട് ലേബർ കോടതി തൊഴിലാളിയെ രണ്ട് വർഷത്തെ ശമ്പള വർദ്ധന ഒഴിവാക്കി 50% മുൻകാല വേതനത്തോടെ തിരിച്ചെടുക്കണമെന്ന് വിധിച്ചു. ഇതിനെതിരെ മേനേജ്മെന്റ് ഹൈക്കോടതിയിൽ റിട്ട് ഹർജി സമർപ്പിച്ചു. തൊഴിലാളിക്കെതിരെ സമർപ്പിച്ച കുറ്റാരോപണം ഗൗരവമുള്ളതാണെന്നും ഗാർഹികാന്വേഷണം കുറ്റമറ്റവിധം നടത്തിയിട്ടുള്ളതാണെന്നും അത്തരം സാഹചര്യത്തിൽ തൊഴിലാളിയെ തിരിച്ചെടുക്കണമെന്ന് വിധിച്ചത് റദ്ദാക്കേണ്ടതാണെന്നും മേനേജ്മെന്റ് വാദിച്ചു. തൊഴിലാളിയുടെ 24 വർഷത്തെ സേവനത്തിനിടയിൽ 22 തവണ പെരുമാറ്റദൂഷ്യം നടത്തിയിട്ടുണ്ടെന്നും അതിൽ ഒമ്പതെണ്ണവും പണാപഹരണമായിരുന്നുവെന്നും മേനേജ്മെന്റ് ചൂണ്ടിക്കാട്ടി. തൊഴിലാളിയുടെ പെരുമാറ്റദൂഷ്യം അത്യന്തം ഗൗരവമുള്ളതാണെന്ന് ഹൈക്കോടതി നിരീക്ഷിച്ചു. അതേ സമയം മേനേജ്മെന്റ് തൊഴിലാളിയെ പിരിച്ചുവിട്ടതും ലേബർ കോടതി അയാളെ തിരിച്ചെടുക്കണമെന്ന് നിർദ്ദേശിച്ചതും തെറ്റാണെന്നും ഹൈക്കോടതി ചൂണ്ടിക്കാട്ടി. തൊഴിലാളിയുടെ 24 വർഷത്തെ സേവനവും പെരുമാറ്റദൂഷ്യത്തിന്റെ ഗൗരവവും കണക്കിലെടുത്ത് സന്തുലിതമായ ശിക്ഷയാണ് നല്കേണ്ടതെന്ന് ഹൈക്കോടതി വിലയിരുത്തി. അതനുസരിച്ച 2010–ൽ തൊഴിലാളി നിർബ്ബന്ധിതമായി വിരമിച്ചതായി കണക്കാക്കി അയാൾക്ക് അവകാശപ്പെട്ട എല്ലാവിധ ആനുകൂല്യങ്ങളും നല്കിയാൽ മതിയെന്നും തിരിച്ചെടുക്കേണ്ടതില്ലെന്നും വിധിച്ച ഹൈക്കോടതി മൂന്ന് മാസത്തിനുള്ളിൽ ആനുകൂല്യങ്ങൾ നല്കണമെന്ന് മേനേജ്മെന്റിന് നിർദ്ദേശം നല്കി.